ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി

258(1327) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത് എന്നായിരുന്നു; എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) പദ്ധതിയ്ക്ക് എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പണം എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനം അനന്തമായി നീണ്ടുപോകാനിടയായതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് 11-9-2015-ലെ സ.ഉ. (കൈ) നമ്പർ 74/15/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. 2014 ഓഗസ്റ്റ് 28-ന് കൂടിയ കേരള മോണോ റെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിലാണ് മോണോ റെയിൽ പദ്ധതി ഉപേക്ഷിക്കാനും തത്തുല്യമായ മറ്റൊരു ഗതാഗത സംവിധാനമായ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനും തീരുമാനിച്ചത്. 5 വർഷം കൊണ്ട് തിരുവനന്തപുരവും 4 വർഷം കൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്കായി കണക്കാക്കപ്പെട്ട തുക:

പദ്ധതി	പൂർത്തീകരണത്തിനുള്ള തുക	കിലോമീറ്റർ 1-നുള്ള തുക
തിരുവനന്തപുരം	4219 കോടി രൂപ	158 കോടി രൂപ
കോഴിക്കോട്	2509 കോടി രൂപ	154 കോടി രൂപ
ആകെ തുക	6728 കോടി രൂപ	

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും സമാഹരിക്കണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) 5 വർഷം കൊണ്ട് തിരുവനന്തപുരവും 4 വർഷം കൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

ലൈറ്റ് മെട്രോ പദ്ധതി

259(T1328) ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. കെ. എം. ഷാജി
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കുവേണ്ടിയുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) കൺസൾട്ടൻസി നിയമനക്കാര്യത്തിൽ നിലനിന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിൽ എന്തൊക്കെ അനുകൂല നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കൺസൾട്ടൻസി നിയമന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly